**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2058.** **05.10.2016 ന് മറുപടിയ്ക്ക്**

**സ്കൂളുകളിലും പരിസരങ്ങളിലുമുള്ള ലഹരി വസ്തു വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വസ്തു വില്പന ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂൾ,കോളേജ്, പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്ക്മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വില്പനയും ഉപഭോഗവും നടക്കുന്നത് സംബന്ധിച്ച പരാതികളിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം, ഇന്റലിജൻസ് വിഭാഗം എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എയുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുകയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും, |

| | | | |
|---|---|---|---|
| | | | അധ്യാപകർക്കും, രക്ഷിതാക്കൾ ക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വില്പന, ഉപഭോഗം, തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതി പ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുളള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു. എക്സൈസ് കമ്മീഷണർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇത്തരം കച്ചവടക്കാർക്ക് എന്ത് ശിക്ഷയാണ് നിലവിലുള്ളത്; | (സി) | വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. കഞ്ചാവ് അടക്കമുള്ള മയക്കു മരുന്നുകൾ വില്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ് ആക്ട് പ്രകാരവും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) | സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വസ്തു വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് 2016 ആഗസ്റ്റ് മാസം വരെ എക്സൈസ് വകുപ്പ് 231 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ